പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2338 14.06.2019 ലെ മറുപടിക്ക്

**കയർമേഖലയുടെ സുസ്ഥിര വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ. കെ. ദാസൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്തെ കയർ മേഖലയിൽ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ആവിഷ് ക്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത് കയർ മേഖലയുടെ സുസ്ഥിര വികസനമാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു.<br>കയർ വ്യവസായ മേഖലയെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 75 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. കയർപിരി മേഖലയിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാനായി 8000 ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും |

| | |
|---|---|
| | 2500 ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പ്പന്നവൈവിദ്ധ്യവത്ക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റെയിൽസ്, കയർ നീഡിൽഫെഡ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണവ. ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡിന്റെ കീഴിൽ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| ബി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും സംഭരണത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) ഈ കാലയളവിൽ കയർഫെഡ് സംഭരിച്ച കയറിന്റെ അളവിൽ 99.55 ശതമാനം വർദ്ധനവും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും അളവിൽ 30 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| സി) കാർഷികാടിസ്ഥാനത്തിലുള്ള ഗ്രാമീണ വ്യവസായം ധാരാളം കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകുന്ന വിധത്തിൽ കൂടുതൽ വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) കയർ തൊഴിലാളി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം സുസ്ഥിരമാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും അവരുടെ തൊഴിലും കൂലിയും ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇലക്ട്രോണിക് റാട്ടുകളുടെ ആവിർഭാവത്തോടുകൂടി കയർ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കയർ തൊഴിലാളികൾക്ക്, സംഘങ്ങളിൽ സ്ഥല ലഭ്യത ഇല്ലാത്ത പക്ഷം, പ്രസ്തുത റാട്ടുകൾ തൊഴിലെടുക്കുന്നവരുടെ വാസസ്ഥലങ്ങളിൽ സജ്ജീകരിക്കുന്നതിന് സൗകര്യമുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള ക്ഷേമ പെൻഷൻ അടക്കമുള്ള ക്ഷേമാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് കൃത്യമായി വിതരണം ചെയ്തു പോകുന്നു. |

സെക്ഷൻ ഓഫീസർ